(ബി) കുന്ദമംഗലം നിയോജകമണ്ഡലത്തിലെ ചുവടെ ചേർക്കുന്ന മൂന്ന് സ്കൂളുകളാണ് പുതുതായി അപേക്ഷ സമർപ്പിച്ചിരിക്കുന്നത്. പ്രസ്തുത അപേക്ഷകൾ വകുപ്പുതലത്തിൽ പരിശോധനയിലാണ്.

1. Govt. HSS, Kuttikkattor
2. Chakkalakkal HSS, Madavoor
3. Markaz HSS for Boys, Karanthur

സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി

135(5724) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാലക്കാട് ജില്ലയിലെ ഏതെല്ലാം സ്കൂളുകളിൽ സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി നിലവിലുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) ഒറ്റപ്പാലം അസംബ്ലി മണ്ഡത്തിലെ ഏതെല്ലാം വിദ്യാലയങ്ങളിൽ ആണ് സ്റ്റുഡന്റ് പോലീസ് കേഡറ്റ് (എസ്.പി.സി.) നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ ;

(സി) പോലീസും ജനങ്ങളും തമ്മിൽ സൗഹാർദ്ദപരമായ അന്തരീക്ഷം സൃഷ്ടിക്കുന്നതിനായി സഹായകരമായ എസ്.പി.സി. പദ്ധതി ജില്ലയിലെ എല്ലാ ഹൈസ്കൂളുകളിലും ഏർപ്പെടുത്തുമോ : വിശദാംശം ലഭ്യമാക്കാമോ ;

(ഡി) എസ്.പി.സി. പദ്ധതി പ്രവർത്തിക്കുന്ന സ്കൂളുകൾക്ക് എന്തെല്ലാം സൗകര്യങ്ങളാണ് ചെയ്തു കൊടുക്കുന്നതെന്ന് വിശദീകരിക്കാമോ ?

ഉത്തരം

(എ) പാലക്കാട് ജില്ലയിൽ സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി നിലവിലുള്ള സ്കൂളുകളുടെ പട്ടിക അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിൽ രണ്ട് സ്കൂളുകളിലാണ് സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി നിലവിലുള്ളത്.

1. Govt. Higher Secondary School, Ottappalam East.
2. Higher Secondary School, Karimpuzha, Thottara

---

* ലൈബ്രറിയിൽവച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി ആരംഭിക്കുന്നതിനുള്ള വ്യവസ്ഥകൾ ജില്ലയിലെ സ്കൂളുകൾ പാലിക്കുകയും പദ്ധതിയുടെ ജില്ലാ-സംസ്ഥാന ഉപദേശക സമിതി സ്കൂളുകളിൽ യൂണിറ്റ് അനുവദിക്കുന്നതിന് അംഗീകാരം നൽകുകയും ചെയ്താൽ പദ്ധതി ജില്ലയിലെ എല്ലാ സ്കൂളുകളിലും നടപ്പാക്കുന്ന കാര്യം ആലോചിക്കാവുന്നതാണ്. നിലവിൽ ഒരു പോലീസ് സ്റ്റേഷൻ പരിധിയിൽ രണ്ട് സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി യൂണിറ്റുകൾ എന്ന ക്രമത്തിലാണ് അനുവദിക്കുന്നത്.

(ഡി) നിലവിൽ പദ്ധതി നടത്തിപ്പിനായി 336 സ്കൂളുകളിൽ സർക്കാർ തലത്തിൽ ഫണ്ട് നൽകിവരുന്നുണ്ട്. ഇതുപയോഗിച്ച് കുട്ടികൾക്ക് യൂണിഫോം, ലഘുഭക്ഷണം മുതലായവ നൽകുകയും ക്ലാസ്സുകൾ, വിവിധയിനം ക്യാമ്പുകൾ, ഫീൽഡ് സന്ദർശനം, മിനി പ്രോജക്ടുകളുടെ നടത്തിപ്പ് എന്നിവ സംഘടിപ്പിക്കുകയും ചെയ്തുവരുന്നു.

ദേശമംഗലത്ത് പോലീസ് സ്റ്റേഷൻ

136(5725) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചേലക്കര മണ്ഡലത്തിലെ ദേശമംഗലം ആസ്ഥാനമാക്കി ഒരു പുതിയ പോലീസ് സ്റ്റേഷൻ സ്ഥാപിക്കുന്നതിനുള്ള നിവേദനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ അതിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ;

(സി) ഈ സാമ്പത്തിക വർഷത്തിൽ തന്നെ ഇവിടെ പോലീസ് സ്റ്റേഷൻ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി&സി) പുതിയ പോലീസ് രൂപീകരണം സംബന്ധിച്ച മുൻഗണനാക്രമ പ്രകാരം വരവൂർ എന്ന പ്രദേശത്ത് ഒരു പുതിയ പോലീസ് സ്റ്റേഷൻ ആവശ്യമാണെന്ന് നിർദ്ദേശിക്കപ്പെട്ടിട്ടുള്ളതിനാൽ, സമീപ പ്രദേശമായ ദേശമംഗലത്ത് പുതിയ പോലീസ് സ്റ്റേഷൻ ആരംഭിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

പിൻവലിച്ച കേസുകൾ

137(5726) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാർ അധികാരമേറ്റശേഷം മാവേലിക്കര മണ്ഡലത്തിൽ പിൻവലിച്ച കേസുകളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

ഈ സർക്കാർ അധികാരമേറ്റശേഷം മാവേലിക്കര മണ്ഡലത്തിൽ കേസുകളൊന്നും കോടതിയിൽനിന്നും പിൻവലിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly